(ബി) നൽകിയിരുന്നെങ്കിൽ ഏതെല്ലാം വകുപ്പധ്യക്ഷന്മാർ ഈ ഉത്തരവിനെ ലംഘിച്ചു പ്രവർത്തിച്ചു; എത്ര നിയമനങ്ങൾ നടത്തി;

(സി) ഗവണ്മെൻറിന്റെ മുൻ ഉത്തരവിനെ, ഭാഗികമായി അസാധുവാക്കുന്ന ഏതെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഈ അടുത്ത കാലത്തു് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല. എന്നാൽ, പബ്ലിക് സർവ്വീസു് കമ്മിഷന്റെ പരിധിയിൽപ്പെടാവുന്ന ഒഴിവുകളിലേയ്ക്കു് നിയമനം നടത്തുമ്പോൾ എംപ്ലായിമെൻറ് എക്സ്ചേഞ്ചുമായി ആലോചിച്ചു നടത്തണമെന്ന നിർദ്ദേശമുണ്ടു്.

(ബി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. സി. എ. മാത്യു: കഴിഞ്ഞ കൊല്ലം വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നടത്തിയ നിയമനങ്ങളെപ്പറ്റി, അവ എംപ്ലായ്മെൻറ് എക്സ്ചേഞ്ചു് മുഖേനയല്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പരാതിയൊന്നും ലഭിച്ചിട്ടുള്ളതായി അറിവില്ല. ഈ മാതിരി നിയമനങ്ങൾ നടക്കുമ്പോൾ എംപ്ലായ്മെൻറ് എക്സ്ചേഞ്ചിന്റെ നിർദ്ദേശംകൂടി നിശ്ചയമായും ഗണിച്ചിട്ടുണ്ടാവാം.

ഗ്രാമവൈദ്യുതീകരണം.

* 61. [10] ശ്രീ. കെ കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവൈദ്യുതീകരണ പദ്ധതിയനുസരിച്ചു് കഴിഞ്ഞ കൊല്ലം ചെയ്തീർക്കുവാനുദ്ദേശിച്ചിരുന്ന ഏതെല്ലാം ജോലികൾ ഇനിയും പൂർത്തിയാകേണ്ടതുണ്ടു്;

(ബി) ഈ വിഷയത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമെന്താണു്;

(സി) നെയ്യാറിൻകര താലൂക്കിൽ, കുന്നത്തുകാൽ, പെരുങ്കടവിള, കാഞ്ഞിരംകുളം, പൂവ്വാർ എന്നീ സ്ഥലങ്ങളിലേയ്ക്കു് വൈദ്യുതി ദീർഘിപ്പിക്കുവാനുള്ള പണികൾ എന്തെല്ലാം ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ടു്;

(ഡി) ആ വക ജോലികൾ എന്നത്തേയ്ക്കു പൂർത്തിയാകും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) 1954–55-ൽ ചെയ്തീർക്കുവാനുദ്ദേശിച്ചിരുന്ന 225 കേന്ദ്രങ്ങളിൽ 125 കേന്ദ്രങ്ങളിലെ പണി വർഷാവസാനത്തിൽ പൂർത്തിയായിട്ടുണ്ടായിരുന്നു. ശേഷമുള്ള കേന്ദ്രങ്ങളിലെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1954–55-ൽ പുതുതായി 10,000 ഉപഭോക്താക്കൾക്കു് വിദ്യുച്ഛക്തി നൽകാൻ ഉദ്ദേശിച്ചിരുന്നതിൽ 9274 പേർക്കു നൽകുവാൻ സാധിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈറ്റ് ഇടുന്നതിനാവശ്യമായ സാധനസാമഗ്രികളുടെ ദൗർലഭ്യവും റയിൽവേ അധികാരികളിൽനിന്നും ടെലിഫോൺ അധികാരികളിൽനിന്നും ലൈൻ ക്രാസിങ്ങിനു് അനുവാദം ലഭിക്കുന്നതിനുണ്ടായിട്ടുള്ള താമസവും, വസ്തുക്കളുടെ മുകളിൽ കൂടി ലൈൻ നീട്ടുന്നതിൽ വസ്തു ഉടമസ്ഥന്മാരിൽനിന്നും ഉണ്ടായിട്ടുള്ള തടസ്സങ്ങളും ആണ് പ്രധാനകാരണങ്ങൾ.

(സി) കന്നുകാൽ—എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ടു്. സാമഗ്രികൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

2. പെരുങ്കടവിള, കാഞ്ഞിരംകുളം, പൂവ്വാർ—തൂണുകൾ നാട്ടിക്കഴിഞ്ഞു. ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) അടുത്ത സാമ്പത്തികവർഷത്തിൽ.

ശ്രീ. സി. എ. മാത്യു : കഴിഞ്ഞ ബഡ്ജറ്റവർഷത്തിൽ കൊള്ളിച്ചിരുന്ന ജോലികളിൽ ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : എല്ലാ ജോലികളും ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : ഈ ജോലികൾ ഉദ്ദേശിച്ചപോലെ പുരോഗമിക്കാത്തതു് ട്രാൻസ്ഫോർമേഴ്സ് വേണ്ടിടത്തോളം ഇല്ലാത്തതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. ഐ. വേലായുധൻ : ശരിയല്ല. കുറെ ട്രാൻസ്ഫോർമേഴ്സ് ഇപ്പോൾ ഉണ്ടു്; അടുത്തതന്നെ കുറെ എണ്ണംകൂടി വരുന്നുണ്ടു്.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർ.

* 62. [11] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്കും, അവർക്കുള്ള ഗവണ്മെൻറ് ഗ്രാൻറും വർദ്ധിപ്പിച്ചതിനെ തുടർന്നു അവരുടെ നിയമന വ്യവസ്ഥകളിലും, സേവനവ്യവസ്ഥകളിലും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനവ്യവസ്ഥകളും സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടേതിനു തുല്യമാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശമ്പളപരിഷ്കരണത്തോടുകൂടി നിയമനം, സേവനം എന്നിവകളിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല. ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാർക്കുള്ള അവധി വ്യവസ്ഥകളും ഇവർക്കും ബാധകമാക്കിയിട്ടുണ്ടു്.

(ബി—യും സി—യും) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly